**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2229 05.05.2017 ന് മറുപടിയ്ക്ക്**

**മദ്യത്തിന് ഏർപ്പെടുത്തിയ അധിക നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് 2014 ൽ ലഹരി വിരുദ്ധ പ്രചരണത്തിനായി മദ്യത്തിന് അഞ്ചു ശതമാനം അധിക നികുതി ഏർപ്പെടുത്തിയിരുന്നോ; | (എ) | 2014 ൽ മദ്യത്തിന് 5% പുനരധിവാസ സെസ്സ് ഏർപ്പെടുത്തിയിരുന്നു. |
| (ബി) | പ്രസ്തുത അധിക നികുതിയിലൂടെ ലഹരി വിരുദ്ധ പ്രചരണത്തിനായി എന്ത് തുക ലഭ്യമായി എന്ന് അറിയിക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സുബോധം പദ്ധതിയുടെ നടത്തിപ്പിനായി 22.3.2015 ൽ 3,00,00,000/- (മൂന്നു കോടി രൂപ) സർക്കാർ അനുവദിച്ചിട്ടുള്ളതും, ആയതിൽ 1,43,34,651/- (ഒരു കോടി നാൽപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുനൂറ്റി അൻപത്തിയൊന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്. "സുബോധം" പദ്ധതിയുടെ റ്റി.എസ്.ബി അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 1,56,65,349/- രൂപ പുതുതായി രൂപീകരിച്ച 'വിമുക്തി' മിഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങൾക്കായി 2016-17 ൽ 7,28,95,000/- രൂപ (ഏഴ് കോടി ഇരുപത്തി എട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ) അനുവദിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത തുകയിൽ നിന്നും വിമുക്തി പദ്ധതിക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (സി) | 5,91,83,056/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**